LIBRARY ARCHIVES Kerala Legislative Assembly

സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിന് പോലീസിന്റെ സഹായം

28 (2476) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡിസ്റ്റിലറികൾ എക്സൈസ് വകുപ്പ് ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) സ്പിരിറ്റ് കള്ളക്കടത്ത് സംസ്ഥാനത്തുടനീളം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ എക്സൈസിനു പുറമേ പോലീസിന്റെ സഹായം കൂടി തേടുന്നതിനുള്ള നടപടികളായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പോലീസിന്റെ എന്തെല്ലാം സഹായങ്ങളാണ് തേടിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിർദ്ദേശം നിലവിലുണ്ട്. അവസാന തീരുമാനം ആയിട്ടില്ല.

(ബി) അബ്കാരി നിയമമനുസരിച്ച് സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിന് എക്സൈസ് വകുപ്പിനും പോലീസ് വകുപ്പിനും അധികാരമുണ്ട്. ഇതനുസരിച്ച് ആവശ്യമുള്ള സാഹചര്യങ്ങളിൽ പോലീസ് വകുപ്പ് ഒറ്റയ്ക്കും എക്സൈസ് വകുപ്പുമായി ചേർന്നും റെയ്ഡുകൾ സംഘടിപ്പിക്കുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ വർദ്ധിച്ചുവരുന്ന വ്യാജമദ്യനിർമ്മാണവും വിപണനവും സ്പിരിറ്റ് കള്ളക്കടത്തും കണക്കിലെടുത്ത് എക്സൈസ് വകുപ്പ് ഒരു 12 ഇന പരിപാടിക്ക് രൂപം നൽകുകയും ബന്ധപ്പെട്ട എല്ലാ വകുപ്പദ്ധ്യക്ഷൻമാരോടും ആവശ്യമായ നടപടിക്കും സഹകരണത്തിനുമായി അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത്തരത്തിൽ പോലീസ് ഡയറക്ടർ ജനറലിനും കത്ത് നല്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പോലീസ്, എക്സൈസ്, റവന്യൂ, വനം, സെയിൽസ് ടാക്സ് എന്നീ വകുപ്പുകൾ സംയുക്തമായി വ്യാജമദ്യ വിതരണവും ഉല്പാദനവും ഫലപ്രദമായി തടയുന്നതിനുള്ള ശക്തമായ നടപടി എടുത്തുവരുന്നു.

വ്യാജമദ്യനിർമ്മാണവും വിതരണവും ഫലപ്രദമായി തടയുന്നതിന് ജനകീയ കമ്മിറ്റികൾക്ക് രൂപം നൽകാൻ നടപടി

29 (2477) ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജമദ്യ നിർമ്മാണവും വിതരണവും ഫലപ്രദമായി തടയുന്നതിന് പഞ്ചായത്ത് വാർഡ് തോറും ജനകീയ കമ്മിറ്റികൾക്ക് രൂപം നൽകുമോ ;

(ബി) കമ്മിറ്റി സ്ഥിതിഗതികൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി നല്കുന്നത് അടക്കമുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

Page 1